DESPATCHED
27/9/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 552(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 7933/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 സെപ്റ്റംബർ 23

ശ്രീ. ശ്യാം പ്രകാശ് ആർ.,
വല്ല്യത്ത് വീട്,
ബുധനൂർ പി.ഒ.,
ചെങ്ങന്നൂർ – 689 510
— അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & പേഴ്സണൽ അസിസ്റ്റന്റ്, ജില്ലാ വിദ്യാഭ്യാസ ആഫീസ്, മാവേലിക്കര.
2) അപ്പീൽ അധികാരി & ജില്ലാ വിദ്യാഭ്യാസ ആഫീസർ, ജില്ലാ വിദ്യാഭ്യാസ ആഫീസ്, മാവേലിക്കര.
— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 21/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/02/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 09/03/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 24/05/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26/05/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04/06/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/06/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/09/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷികൾ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ശ്യാം പ്രകാശ് ആർ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 3(എ) നമ്പർ ചോദ്യത്തിന് തൃപ്തികരമായ മറുപടി നൽകാതെ അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരമാണ് എസ്.പി.ഐ.ഒ. നൽകിയതെന്നും ആയതിനെതിരെ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും അതിൻമേൽ

യാതൊരു തീർപ്പും കൽപ്പിക്കാതെ നിരുത്തരവാദപരമായി നിയമലംഘനം നടത്തിയിരിക്കുന്നു എന്നും ആയതിനാൽ എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമപ്രകാരമുള്ള ശിക്ഷാനടപടികളും, വകുപ്പുതല അച്ചടക്കനടപടികളും സ്വീകരിക്കണമെന്നും കൂടാതെ വിവരാവകാശ നിയമത്തെ സംബന്ധിക്കുന്ന പരിശീലനം എതിർകക്ഷികൾക്ക് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും ടിയാനെ നേരിൽ കേട്ട് അപ്പീൽ തീർപ്പാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 21.02.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 2021 വർഷത്തെ താഴെ പറയുന്ന വിവരങ്ങളാണ്:

i. (എ) ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ മുൻകൂർ അനുമതി ഉത്തരവിന്മേൽ (തീയതി: 8.7.2021 നമ്പർ: ബി3/9989/2019/ഡി.ഡി.ഇ.) സ്കൂൾ മാനേജർ ഒരു ഉത്തരവ് ഇറക്കുകയും (തീയതി: 23.9.2021 നം.161/21), പ്രസ്തുത ഉത്തരവുകൾക്കെതിരായി ഹയർ അതോറിട്ടികൾക്ക് മുമ്പാകെ അപ്പീൽ, റിവിഷൻ എന്നീ നടപടികൾ നിലനിൽക്കുന്നതായ കാലയളവിൽ അതിന്മേൽ ഒക്കെയും ഒരു തീരുമാനം ഉണ്ടാകുന്നതിനു മുൻപായി മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരു ഉത്തരവ് (തീയതി: 8.10.2021 നമ്പർ:ബി4/2697/2021/ഡി.ഇ.ഓ) പുറപ്പെടുവിക്കേണ്ടുന്നതുമായ അനിവാര്യ സാഹചര്യം എന്താണെന്നും അതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം (നിയമം/ചട്ടം/നടപടിക്രമം/സർക്കാർ ഉത്തരവുകൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ/റിപ്പോർട്ട് ചെയ്ത കോടതി വിധി) ഇവയിൽ ഏതാണെന്നും ഇതേ സംബന്ധിച്ചുള്ള വളരെ വിശദവും വ്യക്തവുമായ വിവരങ്ങളും, ബന്ധപ്പെട്ടതും, സാധൂകരിക്കുന്നതുമായ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണമെന്നും

(ബി) നം.ബി4/2697/2021 നമ്പർ ഫയലിലെ നാളിതുവരെയുമുള്ള നോട്ട് പേജുകൾ, കത്തുകൾ, ഉത്തരവുകൾ എന്നീ രേഖകളുടെ എല്ലാം സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും മറ്റുമായി 3 ഇനങ്ങളിലും ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 26.02.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ 09.3.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി

അപ്പീൽ അപേക്ഷയ്ക്ക് 17.3.2022 തീയതി അപ്പീൽ അധികാരി മറുപടി നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 21.6.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട മാന്നാർ നായർസമാജം ടി.ടി.ഐ. യിലെ സോഷ്യൽ സയൻസ് അദ്ധ്യാപകനായിരുന്നു അപ്പീൽ അപേക്ഷകനായ ശ്രീ.ആർ.ശ്യാം പ്രകാശ്. 2014-16 ടി.ടി.ഐ. രണ്ടാം വർഷ ബാച്ചിലെ 18 വിദ്യാർത്ഥിനികൾ ഇദ്ദേഹത്തിനെതിരെ ഗുരുതരമായ സ്വഭാവദൂഷ്യങ്ങൾ ആരോപിച്ച് പ്രിൻസിപ്പാളിനും, മാനേജർക്കും, ഒപ്പം മാന്നാർ പോലീസ് ഹൗസ് ഓഫീസർക്കും പരാതി നൽകിയിരുന്നു എന്നും വിദ്യാർത്ഥിനികളെ ലൈംഗിക ഉദ്ദേശത്തോടെ ശല്യം ചെയ്യുന്നു, ടോയ്ലറ്റ് ഉപയോഗിക്കുമ്പോൾ മന:പൂർവ്വം കതക് അടയ്ക്കാതെ ബുദ്ധിമുട്ടുണ്ടാകുന്നു, ദേഹത്ത് മുട്ടുന്നു തുടങ്ങി ഗുരുതര ക്രിമിനൽ കുറ്റാരോപണങ്ങളാണ് അദ്ധ്യാപകനെതിരെ ഉണ്ടായിരുന്നതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ മാനേജർ ഇദ്ദേഹത്തിനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ചട്ടപ്രകാരമുള്ള അന്വേഷണങ്ങൾക്കും കൂടിക്കാഴ്ചകൾക്കു ഒടുവിൽ ഗുരുതര ലൈംഗിക കുറ്റകൃത്യം കാട്ടിയ അദ്ധ്യാപകനെ പിരിച്ചുവിടാൻ തീരുമാനിക്കുകയും ടി കാര്യാലയത്തിൽ നിന്നും നൽകിയ അനുമതി ഉത്തരവാണ് (8.10.2021-ലെ ബി4/2697/2021) അപ്പീലിൽ 3 ഇനമായി കാണിച്ചിരിക്കുന്നതെന്നും ആയതിന് കൃത്യമായ മറുപടി നൽകിയിട്ടുണ്ടെന്നും അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും പിരിച്ചുവിട്ടതിനെതിരെ നിയമാനുസൃത അപ്പീൽ ഫയൽ ചെയ്യുന്നതിന് മുൻപാണ് ടി ഓഫീസിൽ നിന്നും പരാമർശിത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും ശ്രീ. ശ്യാം പ്രകാശ് ടി കാര്യാലയത്തിൽ സമർപ്പിച്ച 9.3.2022-ലെ ഒന്നാം അപ്പീൽ 17.3.2022-ൽ വ്യക്തമായ മറുപടി നൽകി തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്. ടി.ടി.ഐ. പോലുള്ള മുതിർന്ന പെൺകുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിലെ അദ്ധ്യാപകനായിരുന്ന ശ്രീ. ശ്യാം പ്രകാശ് തന്റെ കടമയ്ക്കും ഉത്തരവാദിത്വത്തിനും യോജിക്കാത്ത ഗുരുതര ലൈംഗീകാതിക്രമങ്ങൾ കാട്ടുകയും അവ അന്വേഷണത്തിൽ തെളിയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടതും, പ്രസ്തുത നടപടി ഈ കാര്യാലയത്തിൽ നിന്നും സാധൂകരിച്ച് നൽകിയതും, ലൈംഗികാതിക്രമം കാട്ടിയതിന്റെ പേരിൽ നിയമനടപടികൾ നേരിട്ടു കൊണ്ടിരിക്കുന്ന ഹർജിക്കാരൻ ടി ഓഫീസിനെതിരെ നിരന്തരം പരാതികൾ നൽകിയും വിവരാവകാശ നിയമത്തെ തീർത്തും സ്വകാര്യ താൽപ്പര്യത്തിനായി ദുരുപയോഗം ചെയ്തുകൊണ്ടും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുവാൻ മന:പൂർവ്വം ശ്രമിക്കുകയാണെന്നതിനാൽ യാതൊരു പരിഗണനയ്ക്കും പരാതിക്കാരൻ അർഹനല്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും രണ്ടാം എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ ആക്ഷേപത്തിൽ അടിസ്ഥാനമില്ലായെന്ന് കമ്മീഷന് ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടതുപോലെ ഒന്നാം എതിർകക്ഷിയിൽ നിന്നും രണ്ടാം എതിർകക്ഷിയിൽ നിന്നും മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയെന്ന ആരോപണത്തിൻമേൽ വിശദീകരണം ചോദിക്കേണ്ടതില്ല എന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ഇതൊരു ലൈംഗിക പീഢനവുമായി ബന്ധപ്പെട്ട വിഷയമാണെന്നും നിയമനടപടികൾ കൈക്കൊണ്ടാണ് ഹർജിക്കാരനെ പിരിച്ചുവിട്ടതെന്നും കമ്മീഷന് ബോധ്യമായിട്ടുള്ളതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ മാസം 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION